വനങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

336 (1002) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങൾ കേന്ദ്രീകരിച്ച് ടൂറിസ്റ്റുകൾ എത്തുന്നതിൽ ഗണ്യമായ വർദ്ധനവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സാദ്ധ്യത പ്രയോജനപ്പെടുത്തി വനപ്രദേശങ്ങളിൽ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(സി) ഇത്തരം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഈ സാദ്ധ്യത ഉപയോഗപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ വാഹകശേഷിക്ക് അനുസൃതമായാണ് സഞ്ചാരികളെ അനുവദിക്കുന്നത്. പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം കാണാനും ആസ്വദിക്കാനുമാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ എത്തുന്നത്. ആയതിനാൽ പ്രസ്തുത പ്രദേശത്തിന്റെ സ്വാഭാവിക ഭൂപ്രകൃതിക്ക് കോട്ടം വരാത്ത തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൂടുതൽ സന്ദർശകരെ ആകർഷിക്കാനുള്ള പദ്ധതികളാണ് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ഇക്കോടൂറിസം കേന്ദ്രങ്ങൾ ഭൂരിഭാഗവും വനമേഖലകളിലായതിനാൽ, സാധാരണ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും ഭിന്നമായി പ്രദേശത്തിന്റെ സ്വാഭാവിക പരിസ്ഥിതിക്കനുകൂലമായ വിനോദസഞ്ചാര പ്രവർത്തനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ട്രക്കിംഗ്, ബോട്ടിംഗ്, അക്വേറിയം, ഇന്റർപ്രട്ടേഷൻ സെന്റർ, വ്യൂപോയിന്റ്, തൂക്കുപാലം, ടെന്റുകളിലുള്ള താമസം, കുട്ടികളുടെ പാർക്ക്, ഇരിപ്പിടങ്ങൾ, വാച്ച് ടവർ, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കോടൂറിസം മേഖലയിലെ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംസ്ഥാനത്തെ 105 സ്ഥലങ്ങളിൽ ഇക്കോ ടൂറിസത്തിന്റെ വികസന സാധ്യതകൾ കണ്ടെത്തി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് മ്യൂസിക്കൽ ഫൗണ്ടൻ

337 (1003) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി വികസിച്ചുകൊണ്ടിരിക്കുന്ന ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പ്രോജക്ടിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഫീസിബിലിറ്റി സ്റ്റഡി പൂർത്തിയായതാണോ ; വിശദമാക്കുമോ ;

(സി) ഇരിങ്ങൾ ക്രാഫ്റ്റ് വില്ലേജിന്റെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ വകുപ്പുമന്ത്രിയും ഉന്നതതല ഉദ്യോഗസ്ഥരും പങ്കെടുത്ത എത്ര യോഗങ്ങൾ ചേർന്നു എന്നത് വിശദമാക്കാമോ ;

(ഡി) ഈ യോഗങ്ങൾ ഓരോന്നിന്റെയും മിനിട്ട്സും തീരുമാനം വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ ;

(ഇ) മ്യൂസിക്കൽ ഫൗണ്ടൻ പദ്ധതി നടപ്പിലാക്കുമോ ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

(സി) ഒന്ന്.

(ഡി) മിനിട്സ് ചേർത്തിരിക്കുന്നു.*

(ഇ) പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly